**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4025** **27-10-2021 - ൽ മറുപടിയ്ക്ക്**

**തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഉറവിട മാലിന്യ സംസ്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.സിദ്ദിഖ് | | **Shri M. V. Govindan Master**<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | കൽപ്പറ്റ നിയോജക മണ്ഡലത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഉറവിട മാലിന്യ സംസ്കരണം നടപ്പിലാക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | കൽപ്പറ്റ നഗരസഭയിൽ ഉറവിട മാലിന്യ സംസ്കരണത്തിന്റെ ഭാഗമായി 1850 ബക്കറ്റ് കമ്പോസ്റ്റ് യൂണിറ്റും, 80 വീടുകളിൽ ബയോഗ്യാസ് പ്ലാന്റ്, ഒന്നിൽ കൂടുതൽ വാർഡുകളിലെ (11 വാർഡുകൾ) ഉപയോഗത്തിന് 3 തുമ്പൂർമൂഴിമോഡൽ മാലിന്യ സംസ്കരണ സംവിധാനം, നടപ്പ് വർഷം പദ്ധതിയിൽ 1000 വീടുകൾക്കായി ബയോഡൈജസ്റ്റർ പോട്ട് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കൽപ്പറ്റ നിയോജക മണ്ഡലത്തിലെ ഗ്രാമപഞ്ചായത്തുകളിൽ ശുചിത്വ മിഷന്റെ സാങ്കേതിക, സാമ്പത്തിക സഹായത്തോടെ നടപ്പാക്കുന്ന ഉറവിട മാലിന്യ സംസ്കരണ പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു. കോട്ടത്തറ ഗ്രാമപഞ്ചായത്തിൽ പൊതുസ്ഥലങ്ങളിൽ വേസ്റ്റ് ബിൻ സ്ഥാപിക്കൽ എന്ന പദ്ധതിയും, 273 പോർട്ടബിൾ ബയോ കമ്പോസ്റ്റർ യൂണിറ്റും, മുട്ടിൽ ഗ്രാമപഞ്ചായത്തിൽ തുമ്പൂർമൂഴി ബിൻ, കിച്ചൺ ബിൻ, വേസ്റ്റ് പിറ്റ് എന്ന പദ്ധതിയും, പടിഞ്ഞാറത്തറ ഗ്രാമപഞ്ചായത്തിൽ പ്ലാസ്റ്റിക് ബോട്ടിൽ നിർമ്മാണം എന്ന പദ്ധതിയും, പൊഴുതന ഗ്രാമപഞ്ചായത്തിൽ പ്ലാസ്റ്റിക് ബോട്ടിൽ ബൂത്തുകൾ സ്ഥാപിക്കൽ, പൈപ്പ് കമ്പോസ്റ്റ്, 650 പോർട്ടബിൾ ബയോ കമ്പോസ്റ്റർ യൂണിറ്റ് എന്നീ പദ്ധതികളും, തരിയോട് ഗ്രാമപഞ്ചായത്തിൽ ബയോ ബിൻ വിതരണ പദ്ധതിയും 295 പോർട്ടബിൾ ബയോ കമ്പോസ്റ്റർ യൂണിറ്റും , വെങ്ങിപ്പള്ളി ഗ്രാമപഞ്ചായത്തിൽ മൺകുട കമ്പോസ്റ്റ് പദ്ധതിയും, വൈത്തിരി ഗ്രാമപഞ്ചായത്തിൽ കമ്മ്യൂണിറ്റി തല എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റ്, 741 പോർട്ടബിൾ ബയോ കമ്പോസ്റ്റർ യൂണിറ്റ് എന്ന പദ്ധതിയും, മൂപ്പൈനാട് ഗ്രാമപഞ്ചായത്തിൽ 700 പോർട്ടബിൾ ബയോ കമ്പോസ്റ്റർ യൂണിറ്റും സ്ഥാപിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | ശുചിത്വമിഷൻ തയ്യാറാക്കി നൽകിയിട്ടുള്ള ഖരമാലിന്യ നിർമ്മാർജ്ജന പദ്ധതികൾക്കായുള്ള കരട് ആക്ഷൻ പ്ലാൻ തയ്യാറാക്കി ഭരണ സമിതി അംഗീകാരം നേടിയിട്ടുള്ളതും ആയത് പ്രകാരം ഗ്രാമപഞ്ചായത്തുകൾ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുള്ളതുമാണ്. ഗ്രാമപഞ്ചായത്തുകളിൽ ഹരിതകർമ്മസേനാംഗങ്ങൾ പ്രവർത്തിച്ചുവരുന്നതും മുഴുവൻ വീടുകളെയും സ്ഥാപനങ്ങളെയും യൂസർഫീ വാങ്ങി മാലിന്യസംസ്കരണ സംവിധാനത്തിൽ അംഗങ്ങളാക്കുന്നതിനുള്ള നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്. ടി വാതിൽപ്പടി ശേഖരണം വഴി ലഭിക്കുന്ന പ്ലാസ്റ്റിക്കുകൾ സംഭരിക്കുന്നതിനായി പഞ്ചായത്ത് കേന്ദ്രീകരിച്ച് മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി (എം.സി.എഫ്.), റിസോഴ്സ് റിക്കവറി ഫെസിലിറ്റി (ആർ.ആർ.എഫ്.)കൾ സ്ഥാപിച്ചിട്ടുള്ളതും നിശ്ചിത ഇടവേളകളിൽ ശേഖരിക്കപ്പെടുന്ന അജൈവമാലിന്യം തരംതിരിച്ച് അംഗീകൃത ഏജൻസിയ്ക്ക് കൈയൊഴിഞ്ഞും വരുന്നുണ്ട്. |
| (ബി) | ഇത്തരം പ്രവർത്തനങ്ങൾക്കായി പ്രത്യേക ഫണ്ട് വകയിരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ബി) | കൽപ്പറ്റ നഗരസഭയിൽ നടപ്പ് സാമ്പത്തിക വർഷത്തിൽ ഉറവിട മാലിന്യ സംസ്കരണത്തിനായി 15 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇത്തരം പ്രവർത്തനങ്ങൾക്കായി സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ), സ്വച്ഛ് ഭാരത് മിഷൻ (നഗരം), പ്ലാൻ ഫണ്ട്, കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉടങ്ങിയ ഫണ്ടുകൾ വകയിരുത്തിയിട്ടുണ്ട്. വിശദ വിവരം അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| ക്രമ നമ്പർ | തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പേര് | ആകെ വകയിരുത്തിയിരിരിക്കുന്ന ഫണ്ട് | ഫണ്ടിന്റെ വിശദാംശം |
|---|---|---|---|
| 1 | പൊഴുതന ഗ്രാമപഞ്ചായത്ത് | 11,70,000.00 | 10,53,000/- രൂപ സ്വച്ഛ ഭാരത് മിഷൻ (ഗ്രാമീൺ) ഫണ്ടും, 1,17,000/- രൂപ ഗുണഭോക്തൃ വിഹിതവുമാണ്. |
| 2 | തരിയോട് ഗ്രാമപഞ്ചായത്ത് | 5,31,000.00 | 4,77,900/- രൂപ ക്രേന്ദ ധനകാര്യ കമ്മീഷൻ ഗ്രാന്റും 53,100/- രൂപ ഗുണഭോക്തൃ വിഹിതവുമാണ് |
| 3 | മൂപ്പൈനാട് ഗ്രാമപഞ്ചായത്ത് | 12,60,000.00 | 11,34,000/- രൂപ പെർഫോർമൻസ് ബേസ്ഡ് ഇൻസെൻറീവ് ഗ്രാൻറും 1,26,000/- രൂപ ഗുണഭോക്തൃ വിഹിതവുമാണ്. |
| 4 | വൈത്തിരി ഗ്രാമപഞ്ചായത്ത് | 13,33,800.00 | 12,00,000/- രൂപ പെർഫോർമൻസ് ബൈസ്ഡ് ഇൻസെന്റീവ് ഗ്രാന്റും 1,33,380/- രൂപ ഗുണഭോക്തൃ വിഹിതവും, തനത് ഫണ്ട് 420/- രൂപ വിഹിതവുമാണ്. |
| 5 | കോട്ടത്തറ ഗ്രാമപഞ്ചായത്ത് | 4,91,400.00 | 4,42,260/- രൂപ സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) ഫണ്ടും, 49,140/- രൂപ ഗുണഭോക്തൃ വിഹിതവുമാണ്. |
| 6 | കൽപ്പറ്റ നഗരസഭ | 18,50,000.00 | 10,50,000/- രൂപ സ്വച്ഛ് ഭാരത് മിഷൻ (നഗരം) ഫണ്ടും, 8,00,000/- രൂപ കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റുമാണ്. |